**ഗ്രാമ ന്യായാലയ, ഇരിക്കൂർ.**

**സാന്നിദ്ധ്യം: ശ്രീ. ശ്രീജയൻ വി, ന്യായാധികാരി , ഇരിക്കൂർ.**

**തീയ്യതി 2026 മാർച്ച് 19 (1947 ഫാൽഗുനം 28)**

**എം.സി. 10/2023**

| | | |
|---|---|---|
| ഹരജിക്കാരി | : | കെ വി നീന, W/o പ്രദീപ് കുമാർ, വയസ്സ് 45,<br>ശ്രീ നികേതനം ഹൗസ്, ചേടിച്ചേരി,<br>പെരുവളത്ത്പറമ്പ, ഇരിക്കൂർ അംശം, പി.ഓ.<br>പെരുവളത്ത്പറമ്പ, തളിപ്പറമ്പ താലൂക്ക്,<br>[ ഇരിക്കൂർ പോലീസ് സ്റ്റേഷൻ പരിധി ]<br>[അഡ്വക്കേറ്റ് ശ്രീ ടി പി ഹരീന്ദ്രൻ ] |
| എതൃകക്ഷി | : | കെ പ്രദീപ് കുമാർ, S/o കുഞ്ഞപ്പ, വയസ്സ് 55,<br>ശ്രീ നികേതനം ഹൗസ്, ചേടിച്ചേരി,<br>പെരുവളത്ത്പറമ്പ, ഇരിക്കൂർ അംശം, പി.ഓ.<br>പെരുവളത്ത്പറമ്പ,തളിപ്പറമ്പ താലൂക്ക്,<br>[ഇരിക്കൂർ പോലീസ് സ്റ്റേഷൻ പരിധി ]<br>[അഡ്വക്കേറ്റ് ശ്രീ ബി പി ശശീന്ദ്രൻ] |
| കുറ്റകൃത്യം/വകുപ്പ് | : | 2005 ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 12-ാം വകുപ്പ് |
| വിധി/ഉത്തരവ് | : | ഹരജി ഭാഗികമായി അനുവദിച്ചിരിക്കുന്നു |

**<u>ഉത്തരവ്</u>**

Section 12 Protection of Women from Domestic Violence Act പ്രകാരം

ബോധിപ്പിക്കുന്ന ഹരജിയാണ്

1. ഈ കേസിലെ ഹർജിക്കാരിയും എതിർകക്ഷിയും ഹിന്ദു മത ആചാര പ്രകാരം 21.04.2002 തീയതി വിവാഹിതരായിട്ടുള്ളതാണ്. ടി വിവാഹത്തിൽ അമർനാഥ്, അപർണ എന്നീ 2 കുട്ടികളും ജനിച്ചിട്ടുള്ളതാണ്. വിവാഹശേഷം 1-ാം എതിർകക്ഷിയുടെ വീട്ടിലാണ് ഹർജിക്കാരി താമസിച്ചു വന്നിട്ടുള്ളത്. വിവാഹ സമയം കണ്ണൂർ ഹാൻഡ്‌ലൂം എക്സ്പോർട്ട് കമ്പനി, കൂടാളി എന്ന സ്ഥാപനത്തിൽ ഈ കേസിലെ ഹർജിക്കാരിക്ക് ജോലി ഉണ്ടായിരുന്നതാണ്. ടി ജോലി എതിർകക്ഷി നിർബന്ധിച്ച് രാജി വെപ്പിച്ചിട്ടുള്ളതാണ്. ഹർജിക്കാരിയെ വീട്ടു ജോലിയെല്ലാം നിർബന്ധിച്ച് ചെയ്യിപ്പിച്ചിട്ടുള്ളതും ഹർജിക്കാരിയെ പുറത്ത് ആളുകളുമായി സംസാരിക്കുന്നതിൽ നിന്നും വിലക്കിയിട്ടുള്ളതുമാണ്. ഹർജിക്കാരിയുടെ ചാരിത്ര്യത്തിൽ എപ്പോഴും എതിർകക്ഷിക്ക് സംശയം ഉണ്ടായിരുന്നതാണ്. വിവാഹ സമയത്ത് ഒരു സ്റ്റേഷനറി കട ഉണ്ട് എന്ന് പറഞ്ഞാണ് എതിർകക്ഷി ഹർജിക്കാരിയെ വിവാഹം കഴിച്ചത്. ആയതിന് ശേഷം, ആ കട വ്യവഹാരങ്ങൾക്ക് വിധേയമായിട്ടുള്ളതും ആയതിന് ശേഷം ഈ കേസിലെ എതിർകക്ഷിയുടെ

കയ്യിൽ നിന്നും ആ കട നഷ്ടപ്പെട്ടിട്ടുള്ളതുമാണ്. ആയതിന് ശേഷം, എതിർകക്ഷി ഷെഫ് ആയി പലയിടത്തും ജോലി നോക്കിയിട്ടുള്ളതും ഇപ്പോൾ ഗൾഫിൽ മാസം 80000/- രൂപ ശമ്പളത്തിൽ ചീഫ് ഷെഫ് ജോലി ചെയ്തു വരുന്നതുമാണ്. 50000/- രൂപ ഡെപ്പോസിറ്റ് ചെയ്ത് ഈ കേസിലെ ഹർജിക്കാരിക്ക് ഒരു സ്കൂളിൽ ജോലി കിട്ടിയിട്ടുള്ളതാണ്, എന്നാൽ സ്കൂൾ അടച്ച് പോയതിനാൽ ടി ജോലി ഹർജിക്കാരിക്ക് നഷ്ടപ്പെട്ടിട്ടുള്ളതാണ്. ഈ കേസിലെ എതിർകക്ഷിക്ക് ഈ കേസിലെ ഹർജിക്കാരിയിൽ നിന്നും ഡിവോഴ്സ് വേണം. ആയതിന് വേണ്ടി ഹർജിക്കാരിക്കെതിരെ അവിഹിത ബന്ധങ്ങൾ കളവായി ആരോപിച്ചിട്ടുള്ളതാണ്. ഈ കേസിലെ ഹർജിക്കാരി 2 മക്കളെയും കഷ്ടപ്പെട്ടാണ് വളർത്തുന്നത്. നാട്ടിൽ തിരികെ വന്നപ്പോൾ, 2019 നവംബറിൽ ഹർജിക്കാരിയെ എതിർകക്ഷി മർദ്ദിച്ചിട്ടുള്ളതും വിവാഹമോചന ഹർജിയിൽ ഒപ്പിടണം എന്ന് പറഞ്ഞ് നിർബന്ധിച്ചിട്ടുള്ളതുമാണ്.

2. ഈ കേസിലെ എതിർകക്ഷി ഹർജിക്കാരിക്ക് എതിരെ കളവായി ഇരിക്കൂർ പോലീസ് സ്റ്റേഷൻ മുമ്പാകെ പരാതി കൊടുത്തിട്ടുള്ളതാണ്. ഈ കേസിലെ ഹർജിക്കാരിക്ക് കുട്ടികളെ നോക്കേണ്ടതും കുട്ടികൾക്ക് ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസ ചെലവുകൾ എന്നിവയ്ക്ക് പൈസ കണ്ടെത്തേണ്ടതുമാണ്.

10000/- രൂപയിലധികം ഈ ഇനത്തിൽ ഹർജിക്കാരിക്ക് ആവശ്യമായുള്ളതാണ്. ഹരജിക്കാരിക്ക് വിവിധതരം അസുഖങ്ങൾ ഉള്ളതാണ്. ടിയാരിയുടെ ചികിത്സാർത്ഥം 10000/- രൂപ എല്ലാ മാസവും ആവശ്യമുള്ളതാണ്. ഈ കേസിലെ എതിർകക്ഷിക്ക് മാസം 80000/- രൂപ ശമ്പളമുള്ളതും എതിർകക്ഷിയുടെ പേരിൽ സ്ഥാപക ജംഗമ വസ്തുക്കളുള്ളതും എതിർകക്ഷിക്ക് ആയതിൽ നിന്നുള്ള വരുമാനമുള്ളതുമാണ്. വസ്തുക്കളിൽ നിന്നും 50000/- രൂപയുടെ മാസ വരുമാനമെങ്കിലും ഉണ്ട്. പൈസ ഇത്രയുമധികം ലഭിച്ചിട്ടു പോലും ഈ കേസിലെ എതിർകക്ഷി ഹരജിക്കാരിയെയോ കുട്ടികളെയോ നോക്കിയിട്ടില്ലാത്തതാണ്. ഈ കേസിലെ എതിർകക്ഷി നാട്ടിൽ വരുമ്പോഴൊക്കെ ഹർജിക്കാരിയെ ക്രൂരമായി ശാരീരികവും മാനസികവുമായി പീഡിപ്പിച്ചു വന്നിട്ടുള്ളതാണ്. ടി പീഡനം ന്യായീകരിക്കുന്നതിനായി ഹരജിക്കാരിയുടെ ചരിത്ര്യത്തെ സംബന്ധിച്ച് നാട്ടുകാർക്കും വീട്ടുകാർക്കും ഇടയിൽ കഥകൾ പറഞ്ഞു പരത്തിയിട്ടുള്ളതാണ്. ഈ കേസിലെ എതിർകക്ഷി ബഹുമാനപ്പെട്ട ഫാമിലി കോടതി കണ്ണൂർ മുമ്പാകെ, OP 1394/2019 എന്നൊരു ഹർജി ബോധിപ്പിച്ചിട്ടുള്ളതും, ആയത് ഈ കേസിലെ ഹർജിക്കാരി, വിനോദ് കുമാർ, ദിലീപ് എന്നിവരുമായി അവിഹിത ബന്ധം പുലർത്തി വരുന്നതാണ് എന്ന്

ആരോപിച്ചിട്ടുള്ളതുമാണ്. ടി ആരോപണങ്ങൾ കളവായതും ഹരജിക്കാരി നിഷേധിക്കുന്നതുമാണ് 10.03.2023 തീയതി 8 മണിക്ക് ഈ കേസിലെ എതിർകക്ഷി വീട്ടിൽ മദ്യപിച്ചു വന്ന് ഹരജിക്കാരിയെ ദേഹമാസകലം അടിച്ച് ഹരജിക്കാരിയെ പുറത്തേക്ക് വലിച്ചു കൊണ്ടുപോയി ഹരജിക്കാരിയെ വീട്ടിൽ നിന്നും ഇറങ്ങിപ്പോകാൻ ഭീഷണിപ്പെടുത്തിയിട്ടുള്ളതും ഇറങ്ങിപ്പോകാത്ത പക്ഷം, ഹരജിക്കാരിയെയും കുട്ടികളെയും കൊല്ലും എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിന് ശേഷം എതിർകക്ഷി വീടുവിട്ട് ഇറങ്ങിയിട്ടുള്ളതാണ്. ഈ കേസിലെ എതിർകക്ഷി ഹർജിക്കാരിയെയും മക്കളെയും shared household ൽ നിന്നും പുറത്താക്കുവാൻ ഏത് നിമിഷവും സാധ്യതയുണ്ട് എന്ന് ഈ കേസിലെ ഹർജിക്കാരി കരുതുന്നു. ആയതുകൊണ്ട്,

1) ഈ കേസിലെ എതിർകക്ഷി ഈ കേസിലെ ഹരജിക്കാരിക്കെതിരെ യാതൊരു രീതിയിലുമുള്ള ഗാർഹിക പീഡനം നടത്തിപ്പോകരുത് എന്നും,

2) ഈ കേസിലെ എതിർകക്ഷി ഈ കേസിലെ ഹർജിക്കാരിയെ യാതൊരു രീതിയിലും shared household ആയ ശ്രീനികേതനം, ചേടിച്ചേരി, പെരുവളത്തുപറമ്പ്, ഇരിക്കൂർ. കണ്ണൂർ ജില്ല ( വീട് നമ്പർ XII/ 51 Ward 13 , ഇരിക്കൂർ പഞ്ചായത്ത് )എന്ന ഭവനത്തിൽ നിന്നും പുറത്താക്കരുത് എന്നും

ഹർജിക്കാരിയുടെ ടി വീട്ടിലുള്ള സമാധാനപൂർണമായ കൈവശം യാതൊരു രീതിയിലും തടസ്സപ്പെടുത്തരുത് എന്നും.

3) ഈ കേസിലെ ഹർജിക്കാരിയെ ഈ കേസിലെ എതിർകക്ഷി ക്രൂരമായ ഗാർഹിക പീഡനങ്ങൾക്ക് വിധേയ ആക്കിയതിന് നഷ്ടപരിഹാരമായി 20 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാൻ എതിർകക്ഷിയോട് കൽപ്പിച്ചും ഒരു ഉത്തരവുണ്ടാകണമെന്ന് വണക്കമായി അപേക്ഷിക്കുന്നു.

3. ഈ കേസിലെ എതിർകക്ഷി താഴെപ്പറയും പ്രകാരം ഒരു ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളതാണ്. ആക്ഷേപത്തിൽ ഹരജിയിലെ വ്യക്തമായി സമ്മതിക്കുന്നതൊഴികെ ഉള്ള പ്രസ്താവനകൾ എല്ലാം കളവാണ് എന്നും എതിർകക്ഷി നിഷേധിക്കുന്നതാണ് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്, ഹർജി നിയമവശാലോ കാര്യവശാലോ നിലനിൽക്കില്ല എന്നും ഹരജിക്കാരിയും എതിർകക്ഷിയും 21.04.2022 തീയതി ഹിന്ദു മത ആചാര പ്രകാരം വിവാഹിതരായിട്ടുള്ളതാണ് എന്നും ടി വിവാഹബന്ധത്തിൽ അമർനാഥ്, അപർണ്ണ എന്നീ രണ്ട് കുട്ടികൾ ഉള്ളതാണ് എന്ന് ഉള്ളതും ശരിയാണ്. വിവാഹത്തിന് ശേഷം ഹർജിക്കാരിയെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി എന്നും അപ്പോൾ മുതൽ ആ വീട്ടിലാണ് താമസം എന്നും ശരിയാണ്. ഈ

കേസിലെ എതിർകക്ഷി ഹർജിക്കാരിയുടെ ഭർത്താവായിരുന്ന ഹർജിക്കാരിയും എതിർകക്ഷിയും തമ്മിൽ ഉള്ള വിവാഹം ബഹുമാനപ്പെട്ട കണ്ണൂർ കുടുംബ കോടതി അസാധു ആക്കിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കണ്ണൂർ കുടുംബ കോടതി ഈ കേസിലെ ഹർജിക്കാരി ഈ കേസിലെ എതിർകക്ഷിക്കെതിരെ കളവായി അവിഹിത ബന്ധങ്ങൾ ആരോപിച്ചിട്ടുള്ളതും, ആയത് എതിർകക്ഷിക്ക് തെളിയിക്കാൻ പറ്റിയിട്ടില്ലാത്തതുമാണ്. അപ്രകാരം ഒരു ആരോപണം ഉന്നയിക്കുന്നത് ക്രൂരതയാണ് എന്ന് കണ്ടിട്ടുള്ളതാണ്. ഹർജി 4-ാം ഖണ്ഡികയിലെ പ്രസ്താവനകൾ തെറ്റാണ്. ഈ കേസിലെ ഹർജിക്കാരിയുടെ ജോലി സ്വന്തം താല്പര്യപ്രകാരവും വളരെ ദൂരം സഞ്ചരിക്കണം എന്നുള്ളതു കൊണ്ടും ആയതിനുള്ള സാമ്പത്തിക ലാഭം ആയതിൽ നിന്നില്ല എന്നുള്ളതു കൊണ്ടും രാജി വെച്ചിട്ടുള്ളതാണ്. ആയത് ഹർജിക്കാരിയുടെ തന്നെ തീരുമാനമാണ്. ഈ കേസിലെ ഹർജിക്കാരിയെ വീട്ടു ജോലികൾ എടുപ്പിച്ചിരുന്നു എന്നും അയൽപ്പക്കക്കാരുമായി സംസാരിക്കാൻ അനുവദിച്ചിരുന്നില്ല എന്നും ഉള്ള പ്രസ്താവനകൾ കളവാണ്. ഹർജിക്കാരിക്ക് അവിഹിതമായ ബന്ധങ്ങളുണ്ട് എന്ന് എതിർകക്ഷിയുടെ വെറും തോന്നലുകളല്ല, ഹർജിക്കാരിയുടെ ചാരിത്ര്യത്തെപ്പറ്റിയുള്ള എതിർകക്ഷിയുടെ ആരോപണങ്ങൾ തെളിവുകളാൽ

സാധൂകരിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിന് ശേഷം ഈ കേസിലെ എതിർകക്ഷി വിവാഹമോചനത്തിന് ഹർജി നൽകിയിട്ടുള്ളതാണ്. ഈ കേസിലെ ഹരജിക്കാരി എതിർകക്ഷിയുടെ പൈസ കളവായി എടുത്ത് ഉപയോഗിച്ചിട്ടുള്ളതും ആയതിന് എതിർകക്ഷി ഹർജിക്കാരിക്കെതിരെ ഇരിക്കൂർ പോലീസിൽ പരാതി നൽകിയിട്ടുള്ളതും ആണ്. ഹർജി 5-ാം ഖണ്ഡിക തെറ്റാണ് ഈ കേസിലെ എതിർകക്ഷി ഒരു ചെറിയ കടയിൽ പാചകക്കാരനായി ജോലി ചെയ്യുകയാണ് പ്രതിമാസം 35000/- രൂപ മാത്രമാണ് വരുമാനം ഉള്ളത്. ഹർജിയിൽ പറയും പ്രകാരം എതിർകക്ഷി ഒരു വലിയ ഹോട്ടലിലെ ഷെഫ് അല്ല. ഈ കേസിലെ എതിർകക്ഷി ഹർജിക്കാരിക്ക് ജോലി കിട്ടുന്നതിനായി 50000/- രൂപ നൽകിയിരുന്നതാണ്. ഹർജിക്കാരി അധ്യാപിക എന്ന നിലയിലുള്ള ജോലി ഉപേക്ഷിച്ചത് വീട്ടിലെ ട്യൂഷനിൽ നിന്നും സ്ഥായി ആയ വരുമാനം ലഭിച്ചു തുടങ്ങിയതിൽ പിന്നെ ആണ്. നാട്ടിൽ വരുമ്പോളൊക്കെ അളിയന്റെ വീട്ടിലാണ് താമസിച്ചു വന്നിരുന്നത്. പോലീസ് എതിർകക്ഷിയെ ഉപദേശിച്ചു എന്നും മറ്റും ഉള്ള ഹരജിയിലെ പ്രസ്താവനകൾ കളവാണ്. ഹർജി ഭാഗത്തു നിന്നും 10000 രൂപ ചെലവിന് ചോദിച്ചിട്ടുള്ളത് വളരെ കൂടുതലാണ്. ഈ കേസിലെ 2 കുട്ടികളും പ്രായപൂർത്തിയായിട്ടുള്ളവരാണ്, അവർക്ക് സ്വന്തമായി വരുമാനമുള്ളതാണ്.

ഈ കേസിലെ എതിർകക്ഷിയുടെ കൈവശം വസ്തു വഹകൾ ഒന്നും ഇല്ലാത്തതാണ്. 8-ാം ഖണ്ഡികയിൽ ആരോപിക്കും പ്രകാരം യാതൊരു നിവർത്തിയും ലഭിക്കുവാൻ ഹർജിക്കാരിക്ക് അർഹതയില്ലാത്തതാണ് . ഈ കേസിലെ ഹർജിക്കാരിക്കെതിരെ ഈ കേസിലെ എതിർകക്ഷി കൃത്യമായ തെളിവുകളോടു കൂടി ആണ് അവിഹിതബന്ധം ആരോപിച്ചിരിക്കുന്നത് **10.02.2023** തീയതി രാത്രി 8 മണിക്ക് മദ്യപിച്ചു വന്ന് ഹർജിക്കാരിയെ മർദ്ദിച്ചു എന്നും മറ്റുമുള്ള ഹർജിയിലെ പ്രസ്താവനകൾ ശരിയല്ല. 2019-ന് ശേഷം ഹർജി പട്ടിക വസ്തുവിന്റെ അടുത്ത് പോലും എതിർകക്ഷി പോയിട്ടില്ല ഈ കേസിലെ എതിർകക്ഷി യാതൊരു വിധ ഗാർഹിക പീഡനവും നടത്തിയിട്ടില്ലാത്തതാണ് ഹർജിക്കാരി ഒരു aggrieved person അല്ല, ഈ കേസിലെ ഹർജിക്കാരി എതിർകക്ഷിയും മക്കളും ആയി ഉള്ള ബന്ധം ഇപ്പോൾ അനുവദിക്കാത്തതാണ് ഈ കേസിലെ ഹർജിക്കാരി ഹർജി പ്രകാരം ചോദിച്ച യാതൊരു നിവർത്തികൾക്കും അർഹയല്ല. ആയതുകൊണ്ട് ഹർജി തള്ളി ഒരു ഉത്തരവ് ഉണ്ടാകേണ്ടതാണ്.

4. ഈ കേസിൽ ഹർജി ഭാഗത്തു നിന്ന് ഹർജിക്കാരിയെ P W 1 ആയി വിസ്തരിച്ചിട്ടുള്ളതും Ext. P1, P2 എന്നിവ മാർക്ക് ചെയ്തിട്ടുള്ളതുമാണ്. ആയതിന് ശേഷം ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും മകളായ

അപർണ്ണ എന്നിവരെ PW 2 ആയി വിസ്തരിച്ചിട്ടുള്ളതാണ്. ഹർജി ഭാഗത്തു നിന്നും Ext. P1, P2 എന്നിവ മാർക്ക് ചെയ്തിട്ടുള്ളതാണ്. എതിർകക്ഷി ഭാഗത്ത് നിന്നും എതിർകക്ഷിയെ RW 1 ആയി വിസ്തരിച്ചിട്ടുള്ളതും Ext. D1 മുതൽ D7 വരെ മാർക്ക് ചെയ്തിട്ടുള്ളതും Ext. D5 Subject to Proof ആയി മാർക്ക് ചെയ്തിട്ടുള്ളതുമാണ്.

5. ഈ കേസിൽ താഴെപ്പറയും പ്രകാരം തർക്ക വിഷയങ്ങൾ പരിഗണനയ്ക്ക് വന്നിട്ടുള്ളതാണ്.

1)ഈ കേസിലെ ഹർജിക്കാരിയെ എതിർകക്ഷി ശാരീരികമായി യാതൊരു രീതിയിലും ബുദ്ധിമുട്ടിക്കരുത് എന്ന് Section 18 Protection of Women from Domestic Violence Act, പ്രകാരം ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹരജിക്കാരിക്ക് അർഹതയുണ്ടോ?

2) ഈ കേസിലെ ഹർജിക്കാരിയെ ഈ കേസിലെ എതിർകക്ഷി ശ്രീനികേതനം, ചേടിച്ചേരി P.O , പെരുവളത്ത്പറമ്പ, ഇരിക്കൂർ, കണ്ണൂർ ,ജില്ല ( വീട് നമ്പർ XII/ 51 Ward 13 , ഇരിക്കൂർ പഞ്ചായത്ത് )എന്ന ഭവനത്തിൽ നിന്നും പുറത്താക്കരുത്, എന്നും ഹർജിക്കാരിയുടെ ടി വീട്ടിലുള്ള സമാധാനപൂർണമായ കൈവശം യാതൊരു രീതിയിലും തടസ്സപ്പെടുത്തരുത്

എന്നും, ടി ഭവനവും വസ്തുവും അന്യാധീനപ്പെടുത്തരുത് എന്നും ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹരജിക്കാരിക്ക് അർഹതയുണ്ടോ?

**6.** ഈ കേസിലെ ഒന്നാം ഹർജിക്കാരിയെ PW 1 ആയി വിസ്തരിച്ചിട്ടുള്ളതും ടിയാരി തന്റെ ഹരജിക്ക് അനുസൃതമായി ആദ്യ വിസ്താര സത്യവാങ്മൂലം ബോധിപ്പിച്ചിട്ടുള്ളതാണ്. ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ ടിയാരിയും ഒന്നാം എതിർകക്ഷിയും തമ്മിലുള്ള വിവാഹം നടന്നിട്ടുള്ളതാണ് എന്നും ആ വിവാഹത്തിൽ 2 കുട്ടികൾ ഉണ്ട് എന്നും അമർനാഥ്, അപർണ എന്നിങ്ങനെയാണ് കുട്ടികളുടെ പേരുകൾ എന്നും വിവാഹശേഷം എതിർകക്ഷി എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് കൂട്ടി കൊണ്ടു പോയി എന്നും വിവാഹ സമയത്ത് എനിക്ക് കുടാളിയിലുള്ള ഹാൻഡ്‌ലൂം എക്സ്പോർട്ട് കമ്പനിയിൽ ജോലി ഉണ്ടായിരുന്നു. വിവാഹം കഴിഞ്ഞ ഉടനെ ജോലി രാജിവെപ്പിച്ചു എന്നും വീട്ടിലെ മുഴുവൻ ജോലിയും താനാണ് ചെയ്തിരുന്നത് എന്നും. പുറത്തു പോകുവാനോ അടുത്ത വീട്ടുകാരോട് സംസാരിക്കുവാനോ അനുവാദം ഉണ്ടായിരുന്നില്ല എന്നും എതിർകക്ഷിക്ക് എപ്പോഴും എന്റെ ചാരിത്ര്യത്തിൽ സംശയം ഉണ്ടായിരുന്നു എന്നും ആയത് പ്രകടിപ്പിച്ച് ശാരീരികവും മാനസികവുമായി എതിർകക്ഷി ഉപദ്രവിച്ചിട്ടുണ്ട്. എനിക്ക് പല ചെറുപ്പക്കാരുമായും ബന്ധമുണ്ട് എന്ന് ആരോപിച്ച് എതിർകക്ഷി പീഡിപ്പിച്ച്

വന്നിരുന്നുവെന്നും 2019-ൽ ഗൾഫിൽ നിന്നും വീട്ടിൽ വന്ന എതിർകക്ഷി കഠിനമായി മർദ്ദിക്കുകയും വിവാഹ മോചന ഹർജിയിൽ ബലം പ്രയോഗിച്ച് ഒപ്പിടീക്കുകയും ചെയ്തിരുന്നു എന്നും തുടർന്ന് എതിർകക്ഷി ഹർജിക്കാരിയെയും വിനോദ്കുമാർ എന്ന ആളെയും ദിലീപ് എന്ന ആളെയും എതിർകക്ഷികളായി കാണിച്ച് അവർക്ക് ഹർജിക്കാരിയുമായി അവിഹിത ബന്ധം ഉണ്ട് എന്ന് ആരോപിച്ച് ഈ കേസിലെ എതിർകക്ഷി ഹർജിക്കാരിക്കെതിരെ ഒ പി 1394/2019 നമ്പറായി കണ്ണൂർ കുടുംബ കോടതി മുമ്പാകെ വിവാഹമോചന ഹർജി ഫയൽ ചെയ്തിട്ടുള്ളതാണ്. 2019 മുതൽ ചെലവിന് നൽകാത്തതിനാൽ എം സി 9/2021 നമ്പറായി ഹർജിക്കാരി തനിക്കും മക്കൾക്കും ചിലവിന് കിട്ടാനായി ഹരജി ബോധിപ്പിച്ചിട്ടുള്ളതാണ് . ഒ പി 167/2021 നമ്പറായി മുൻകാല ചെലവിന് ഹർജി ബോധിപ്പിച്ചിട്ടുള്ളതാണ് .

7. എതിർകക്ഷി നാട്ടിൽ വരുന്ന അവസരങ്ങളിലൊക്കെ മാനസികവും ശാരീരികവുമായി പീഡിപ്പിച്ചിരുന്നു അവിഹിത ബന്ധങ്ങൾ ആരോപിച്ചിരുന്നു. എതിർകക്ഷി മർദ്ദിച്ചതിൽ കടുത്ത മാനസിക വേദനയും ശാരീരിക പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. 10.2.2023 തീയതി രാത്രി 8 മണിയോടുകൂടി എതിർകക്ഷി വീട്ടിൽ വന്ന് ഹർജിക്കാരിയെ ശരീരം മുഴുവൻ

അടിക്കുകയും വീട്ടിൽ നിന്നും പുറത്തേക്ക് വലിച്ചിഴച്ചു കൊണ്ടു പോവുകയും ചെയ്തിട്ടുള്ളതാണ്. ഉടനെ വീടു വിട്ടു പോയില്ലെങ്കിൽ അപ്പോൾ തന്നെ തന്നെയും കുട്ടികളെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ കേസിലെ ഹർജിക്കാരി 21.4.2002 മുതൽ ഇപ്പോൾ താമസിക്കുന്ന ഭർതൃഗൃഹത്തിൽ താമസിച്ചു വരുന്നതാണ്. ആയതുകൊണ്ട് ബഹുമാനപ്പെട്ട കോടതി ഭാവിയിൽ എതിർകക്ഷി തനിക്കെതിരെ യാതൊരു രീതിയിലുള്ള ഗാർഹിക പീഡനം നടത്തരുതെന്നും ഭവനത്തിൽ നിന്നും പുറത്താക്കാനോ ഭവനം അന്യായപ്പെടുത്തുവാനോ ഭവനം സമാധാനപരമായി കൈവശം വയ്ക്കുന്നതിൽ നിന്നും യാതൊരു വിധത്തിലും തടസ്സം ഉണ്ടാക്കരുതെന്നും, ഹർജിക്കാരി അനുഭവിച്ച ഗാർഹിക പീഡനങ്ങൾക്ക് നഷ്ടപരിഹാരമായി 20 ലക്ഷം രൂപ വേണമെന്നും ആദ്യ വിസ്താരത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ പിന്നീട് ഹിയറിങ് സമയത്ത് ഈ കേസിലെ ഹരജിക്കാരി അപ്രകാരം ഒരു നിവർത്തി വേണ്ട എന്ന് ഹരജിയിൽ തന്നെ endorse ചെയ്ത് തന്നിട്ടുള്ളതാണ്.

8. ഈ കേസിലെ എതിർകക്ഷിയുടെ വിസ്താരത്തിൽ ക്രൂരത ആരോപിച്ചത് കൊണ്ടല്ല ചേട്ടൻറെ ഭാര്യയെ പറ്റി ഞാൻ അവിഹിതം പറഞ്ഞത് അത് ക്രൂരതയാണ് എന്ന് കണ്ടിട്ടാണ് ഡൈവോഴ്സ്

അനുവദിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ വിനോദ് കുമാർ എന്നിവർക്കെതിരെ കണ്ണൂർ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഞാൻ എനിക്കെതിരെ ലൈംഗിക പീഡനം നടത്തി എന്ന് പറഞ്ഞ് കേസ് കൊടുത്തിട്ടുണ്ട് എന്നും എനിക്കെതിരെ വിവാഹമോചന ഹർജി നൽകുന്നതിനു മുമ്പ് ഈ കേസിലെ എതിർകക്ഷിക്ക് എതിരെ പരാതി നൽകിയിട്ടില്ല .ഭർത്താവ് അല്ലേ പോലീസ് പരാതി കൊടുക്കേണ്ട എന്ന് പറഞ്ഞത് കൊണ്ടാണ് പരാതി കൊടുക്കാതിരുന്നത് . 2023 ഫെബ്രുവരി മാസം ആണ് എന്നെ മർദ്ദിച്ച സംഭവം ഉണ്ടായത് മൂച്ചൽ ഡിവോഴ്സ് വേണം എന്ന് പറഞ്ഞ് 2019 ലും എന്നെ മർദ്ദിച്ചിരുന്നു രണ്ടു തവണയും മർദ്ദിച്ചത് സംബന്ധിച്ച് പോലീസിൽ പരാതി കൊടുത്തിട്ടില്ല . എൻറെ രണ്ട് മക്കളും സാക്ഷികളാണ് രണ്ടാമത് മർദ്ദിച്ചപ്പോൾ പരിക്ക് പറ്റിയിട്ടില്ല എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്.

9. ഈ കേസിലെ PW 2 ആദ്യ വിസ്താര സത്യവാങ്മൂലം ബോധിപ്പിച്ചിട്ടുള്ളതും ആയതിൽ ഞങ്ങൾ അച്ഛന് എതിരെ കൊടുത്ത ഹർജികൾ നിലവിലിരിക്കെ 10.02.2023 -ന് രാത്രി സുമാർ 8 മണിയോടുകൂടി അച്ഛൻ വീട്ടിൽ വരികയും അമ്മയെ മേലാസകലം അടിക്കുകയും വീട്ടിൽ നിന്നും പുറത്തേക്ക് വലിച്ചിഴച്ച് കൊണ്ടുപോവുകയും ചെയ്തിരുന്നു. ഉടൻ തന്നെ വീട് വിട്ടു പോയില്ലെങ്കിൽ എല്ലാവരെയും കൊന്നുകളയും എന്ന് അച്ഛൻ

ഭീഷണിപ്പെടുത്തിയിട്ടുണ്ട് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. എതിർ വിസ്താരത്തിൽ 2019 നവംബർ, ഡിസംബർ മാസങ്ങളിൽ ഞാൻ NCC ക്യാമ്പിന് പോയിട്ടുള്ളതാണ് ഞാൻ ക്യാമ്പിന് പോയി വരുന്നതിനിടയിൽ തർക്കമായി അച്ഛനും അമ്മയും തമ്മിൽ. എന്നിട്ട് അച്ഛൻ വീട് വിട്ടു പോവുകയാണ് ഉണ്ടായത് എന്നും അച്ഛൻ എന്തു കൊണ്ടാണ് പോയത് എന്നുള്ള കാര്യം അമ്മ പറഞ്ഞുള്ള അറിവ് മാത്രമേ ഉള്ളൂ എന്നും അച്ഛൻ അമ്മയെ 10. 2. 23 തീയതി അടിച്ചതിനു പാടുണ്ടായിരുന്നു അമ്മയെ വലിച്ചിഴച്ചതിൽ അമ്മയുടെ ശരീരത്തിൽ വലിച്ചിഴച്ച പാടുകൾ ഉണ്ടായിരുന്നു എന്ന് ഞാൻ ശ്രദ്ധിച്ചിട്ടില്ല. ഞാനും ഏട്ടനും ആ സമയത്ത് വീട്ടിലുണ്ട് ഞങ്ങൾ നിലവിളിച്ചിരുന്നു അയൽപ്പക്കക്കാർ ആരും വന്നില്ല തൊട്ടടുത്ത ദിവസം ആശുപത്രിയിലോ പോലീസ് സ്റ്റേഷനിലോ പോയിട്ടില്ല വക്കീലിനോട് പറഞ്ഞിരുന്നു എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്.

10. ഇവിടെ ഹർജി ഭാഗത്തു നിന്നും ഹർജിക്കാരിയെ ക്രൂരമായ ഗാർഹിക പീഡനങ്ങൾക്ക് വിധേയ ആക്കിയിട്ടുണ്ട് എന്നും ആയതുകൊണ്ട് ടിയാരിക്ക് Section 18 Protection of Women from Domestic Violence (PWDV) Act, പ്രകാരമുള്ള ഒരു നിവർത്തിക്ക് അർഹതയുണ്ട് എന്ന് വാദിച്ചു വന്നിട്ടുള്ളതാണ്. ആയതു പോലെ തന്നെ Section 19 Protection of Women

from Domestic Violence (PWDV) Act, പ്രകാരം ആവശ്യപ്പെട്ട നിവർത്തിക്ക് അർഹതയുണ്ട് എന്ന് വാദിച്ച് വന്നിട്ടുള്ളതാണ് . ഹർജി ഭാഗത്തു നിന്നും ഈ കേസിലെ ആക്ഷേപത്തിൽ പാരഗ്രാഫ് നമ്പർ മൂന്നിൽ "After the marriage the petitioner was taken to the house of the respondent and since then they were staying in the house as husband and wife. ".ഇപ്രകാരമാണ് പ്രസ്താവിച്ചിരിക്കുന്നത് 2025 ജൂലൈ മാസത്തിൽ ഈ കേസിലെ ആക്ഷേപം ബോധിപ്പിക്കുന്നത് വരെ എതിർകക്ഷിക്ക് ഹർജി പട്ടിക വസ്തു തൻറെതല്ല എന്ന കേസ് ഇല്ലായിരുന്നു എന്നും കല്യാണം കഴിഞ്ഞ അന്ന് മുതൽ ഇന്നുവരെ എതിർകക്ഷി അവിടെയാണ് താമസിച്ചു വന്നിട്ടുള്ളത് എന്നും ഹർജി ഭാഗത്തു നിന്നും വാദിച്ചു വന്നിട്ടുള്ളതാണ് .

11. ഇവിടെ ഹർജി ഭാഗത്തു നിന്നും ഹർജിക്കാരിയെ വിവിധ രീതിയിലുള്ള ഗാർഹിക പീഡനങ്ങൾക്ക് വിധേയ ആക്കിയിട്ടുണ്ട് എന്നും ബഹുമാനപ്പെട്ട കണ്ണൂർ കുടുംബ കോടതിയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും പറഞ്ഞത് പ്രകാരം ഉള്ള ഉത്തരവുകൾ എതിർകക്ഷി അനുസരിച്ചിട്ടില്ല എന്നും ഹർജിക്കാരിയുടെ 30 പവൻ സ്വർണാഭരണങ്ങൾ കൊടുത്തിട്ടില്ല എന്നും ചെലവ് സംഖ്യ കൊടുത്തിട്ടില്ല എന്നും ആയതൊക്കെ ഗാർഹിക പീഡനം ആണ് എന്നും വാദിച്ചു വന്നിട്ടുള്ളതാണ്. 2019 വർഷം മുതൽ

ഡിവോഴ്സിനുള്ള അപേക്ഷ ഒപ്പിടണം എന്ന് ഹർജിക്കാരിയെ നിർബന്ധിച്ചിട്ടുള്ളതാണ് ആയത് തന്നെ ഒരു ഗാർഹിക പീഡനം ആണ് . 2023 ലും 2019 ലും ഹർജിക്കാരിയെ ക്രൂരമായി എതിർകക്ഷി മർദ്ദിച്ചിട്ടുള്ളതാണ്. രണ്ടു തവണായി മർദ്ദിച്ചതിൽ പോലീസിൽ പരാതി കൊടുത്തിട്ടില്ല.

12. എതിർകക്ഷികൾ ഭാഗത്തു നിന്നും ഹർജിക്കാരിയെ എതിർകക്ഷികൾ യാതൊരു രീതിയിലുമുള്ള ഗാർഹിക പീഡനത്തിന് വിധേയ ആക്കിയിട്ടില്ല എന്നും ഹരജിക്കാരിയെ 2019 ൽ മർദ്ദിച്ചുവെന്നും 2023 ൽ മർദ്ദിച്ചുവെന്നും കേസ് ആവശ്യാർത്ഥം കളവായി പറഞ്ഞിട്ടുള്ളതാണ്. 2019 ലോ 2023 ലോ മർദ്ദിച്ചതിന് യാതൊരു വിധത്തിലുള്ള തെളിവും കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല ആയതിന് അധികാര സ്ഥാനത്തൊന്നും പരാതി കൊടുത്തിട്ടില്ല . 2023 സമയത്താണ് കണ്ണൂർ ഫാമിലി കോടതി മുമ്പാകെ CRUELTY ആരോപിച്ച് ഒരു ഡിവോഴ്സ് കേസ് കൊടുത്തിരിക്കുന്നത്. ടി സമയത്ത് ഇപ്രകാരം ഒരു സംഭവം നടന്നിട്ടും പരാതി കൊടുത്തിട്ടില്ല എന്നുണ്ടെങ്കിൽ ആയത് ഒട്ടും വിശ്വസനീയമല്ല . PW 1 ന്റെ മൊഴി പ്രകാരം തന്റെ ദേഹത്ത് പാടൊന്നും ഇല്ലായിരുന്നു എന്നാൽ PW 2 ന്റെ മൊഴി പ്രകാരം 10.02.2023 ലെ മർദ്ദനത്തിന് ശേഷം അമ്മയുടെ ദേഹത്ത്

പാടുണ്ടായിരുന്നു. ഇപ്രകാരം ഒരു സംഭവം നടന്നിട്ടും അയൽക്കാർ വന്നില്ല. ആയത് തെളിയിക്കുന്നതിന് മകനെ വിസ്തരിച്ചിട്ടില്ല . ഒരു ദിവസം പോലും ആശുപത്രിയിലും കഴിഞ്ഞിട്ടില്ല . ഹർജി ഭാഗത്തു നിന്നും ഹർജി ഭാഗം 1, 2 സാക്ഷികളുടെ മൊഴി 10.2.2023 ലെ സംഭവത്തെ സംബന്ധിച്ച വിശ്വാസയോഗ്യമല്ല. ആയതിൽ നിന്നും ടി കേസിലെ എതിർകക്ഷി ഹർജിക്കാരിക്കു മേൽ ഗാർഹിക പീഡനം നടത്തി എന്ന് തെളിയിക്കാൻ സാധ്യമല്ല. 2019-ൽ ഈ കേസിലെ എതിർകക്ഷി ഈ കേസിലെ ഹർജിക്കാരിയെ ക്രൂരമായി ശാരീരികമായി പീഡിപ്പിച്ചു എന്ന് ഹർജിയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ആയതിനെ സംബന്ധിച്ച് പരാതിയൊന്നും ഇല്ലാത്തതിനാൽ ആയത് വിശ്വാസയോഗ്യമല്ല എന്ന്. എതിർകക്ഷി ഭാഗത്തുനിന്നും വാദിച്ചു വന്നിട്ടുള്ളതാണ്, എന്നാൽ ഒരു വിവാഹബന്ധത്തിൽ നടക്കുന്ന എല്ലാ കാര്യത്തിനും പരാതി ഉണ്ടായിക്കൊള്ളണം എന്ന് യാതൊരു നിർബന്ധവും ഇല്ലാത്തതാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി A v B 2010 4 KLT 434 എന്ന വിധിയിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാകുന്നു . *16 "Absence of evidence of the medical expert or admitted absence of a complaint to the medical expert or the police, according to us, would be too meagre, myopic and puerile reasons to discard the evidence about*

*matrimonial physical cruelty*". 2019 വർഷം എതിർകക്ഷി ശാരീരികമായ ഗാർഹിക പീഡനങ്ങൾക്ക് വിധേയ ആക്കിയിട്ടുണ്ട് എന്നുള്ള ഹർജിക്കാരിയുടെ മൊഴി അവിശ്വസിക്കത്തക്കതായ, യാതൊന്നും തന്നെ ഈ കോടതി മുമ്പാകെ വന്നിട്ടില്ലാത്തതാണ്. ആയതിനാൽ 2019 വർഷത്തിൽ എതിർകക്ഷി നാട്ടിൽ വന്ന സമയത്ത് ഹർജിക്കാരിയെ ക്രൂരമായ ഗാർഹിക ശാരീരികമായ ഗാർഹിക പീഡനങ്ങൾക്ക് വിധേയ ആക്കിയിട്ടുണ്ട് എന്ന് ഈ കോടതി കാണുന്നു.

13. ഹർജിക്കാരിക്ക് അവിഹിത ബന്ധങ്ങളുണ്ട് എന്നുള്ളത് വെറും ഒരു സംശയമല്ല എന്നും എതിർകക്ഷി ആയതിനുശേഷം ആയവരിൽ ആസ്പദമാക്കി ബഹുമാനപ്പെട്ട കണ്ണൂർ കുടുംബ കോടതി മുമ്പാകെ കേസ് കൊടുത്തിട്ടുണ്ട് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. ഇവിടെ Ext. P1 രേഖ പരിശോധിക്കുകയാണെങ്കിൽ ആയതിൽ ഡൈവോഴ്സ് കൊടുക്കുവാനുള്ള കാരണം ഈ കേസിലെ ഹർജിക്കാരി ഈ കേസിലെ എതിർകക്ഷിക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ ആയത് തെളിയിക്കുവാൻ സാധിച്ചിട്ടില്ല എന്നും ഇപ്രകാരം പരസ്ത്രീബന്ധം ആരോപിക്കുന്നത് തെളിവില്ലാതെ ആയതു തന്നെ ക്രൂരത ആണ് എന്ന് കണ്ടും ആണ് ഹർജിക്കാരന് ടി കേസിൽ ഡൈവോഴ്സ് അനുവദിച്ചത്. ഈ

കേസിലെ RW 1ന്റെ ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ ഹർജിക്കാരി വിനോദ് കുമാർ, ദിലീപ് എന്നീ ആളുകളുമായി അവിഹിത ബന്ധം പുലർത്തി വന്നിരുന്നു എന്നും ഞാൻ ഹർജിക്കാരിയുടെ ചാരിത്ര്യത്തെ സംശയിച്ചത് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ്. എന്നാൽ ഞാൻ അതിന്റെ പേരിൽ ഹർജിക്കാരിയെ കുറ്റപ്പെടുത്തി സംസാരിക്കാനോ പ്രശ്നങ്ങൾ ഉണ്ടാക്കാനോ ശ്രമിച്ചിട്ടില്ല. ഞാനും ഹർജിക്കാരിയും കൗൺസിലിംഗിന് ഹാജരായെങ്കിലും ഹർജിക്കാരി അവിഹിത ബന്ധം ഉപേക്ഷിക്കാൻ തയ്യാറാകാത്തതിനാൽ ഞാൻ ബഹുമാനപ്പെട്ട കണ്ണൂർ കോടതി മുമ്പാകെ ഹർജി ബോധിപ്പിക്കുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ വിനോദ് കുമാറിനെതിരെ ഹരജിക്കാരി നൽകിയ പരാതി CC 517 /2020 നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് നിലവിലുണ്ട്. ഞാനും ബന്ധുക്കളും അയൽക്കാരും സുഹൃത്തുക്കളെല്ലാം തിരിച്ചറിഞ്ഞതിൽ അത് മറച്ചുവെച്ച് മറ്റുള്ളവരുടെ മുന്നിൽ നല്ലവളായി ചിത്രീകരിക്കുന്നതിന് വേണ്ടി ആണ് ഹർജിക്കാരി വിനോദ് കുമാറിനെതിരെ കേസ് കൊടുത്തത്. ഇവിടെ നീന എന്നവർ വിനോദകുമാർ എന്നിവർക്കെതിരെ കൊടുത്ത കേസിന്റെ രേഖകൾ Ext. D4 ആയി കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്. പക്ഷേ അപ്രകാരം ഈ കേസിലെ ഹർജിക്കാരി ഒരു കേസ് കൊടുത്തത് കൊണ്ട്

മാത്രം ഹർജിക്കാരിയും വിനോദ് കുമാർ എന്നിവരുമായി ഒരു ബന്ധമുണ്ട് എന്ന് തെളിയുന്നില്ല. ഇവിടെ ഹർജി ഭാഗത്തു നിന്നും അപ്രകാരം വ്യക്തമായ തെളിവില്ലാതെ ഒരു ആരോപണം ഉന്നയിക്കുന്നത് തന്നെ ഗാർഹിക പീഡനമാണ് എന്ന് വാദിച്ചു വന്നിട്ടുള്ളതാണ് . ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Sabitha Unnikrishnan v Vineet Das 2021/KER/22855 എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ് . 17 Levelling disgusting accusation of unchastity and attributing aspersions of perfidiousness to the wife would undoubtedly amount to worst form of mental cruelty. ഇവിടെ ഈ കോടതി മുൻപാകെ. അപ്രകാരം എന്തെങ്കിലും ഒരു പരപുരുഷ ബന്ധം ഹർജിക്കാരിക്ക് ഉണ്ട് എന്ന് സാധൂകരിക്കുന്നതിനായി യാതൊരു തെളിവും ഈ കോടതി മുമ്പാകെ ഹാജർ ആക്കിയിട്ടില്ല. ആയതുപോലെ തന്നെ P1 ജഡ്ജ്മെന്റ് പ്രകാരം ഈ കേസിലെ ഹർജിക്കാരി ക്കെതിരെ ഈ കേസിലെ എതിർകക്ഷി ആരോപിച്ച പരപുരുഷ ബന്ധം തെളിയിക്കപ്പെട്ടിട്ടില്ലാത്തതാണ്. അപ്രകാരം ഒരു വ്യക്തിക്കെതിരെ പര സ്ത്രീ അല്ലെങ്കിൽ പര പുരുഷബന്ധം ആരോപിക്കുന്നത് തന്നെ ഗാർഹിക പീഡനമാണ്. മേൽ പ്രസ്താവിച്ചിരിക്കുന്ന കാരണങ്ങളാൽ ഈ കേസിലെ ഹർജിക്കാരിയെ, ഈ കേസിലെ എതിർകക്ഷി, വിവിധ രീതിയിൽ ഉള്ള

ഗാർഹിക പീഡനങ്ങൾക്ക് വിധേയ ആക്കിയിട്ടുണ്ട് എന്ന് ഈ കോടതി ഇതിനാൽ കണ്ടെത്തുന്നു. ആയതു കൊണ്ട് ഈ കേസിലെ എതിർകക്ഷി ശാരീരികമായി ഉപദ്രവിച്ചു പോകരുത്. എന്ന് ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുള്ളതാണ്, ആയതുകൊണ്ട് തർക്കവിഷയം 1, ഈ കോടതി ഹരജിക്കാരിക്ക് അനുകൂലമായി കാണുന്നു

14. ഇവിടെ ഹർജി ഭാഗത്തു നിന്നും 21. 4. 2002 മുതൽ ടി വീട്ടിലാണ് താമസിച്ചു വരുന്നത് എന്നും. ആയതു കൊണ്ട് . വീട് shared household ആണ് എന്നും വാദിച്ചു വന്നിട്ടുള്ളതാണ്, എന്നാൽ എതിർകക്ഷി ഭാഗത്തുനിന്നും ഹർജിക്കാരിയും എതിർകക്ഷിയും. വിവാഹ മോചിതരായിട്ടുള്ളതാണ് എന്നും ആയതുകൊണ്ട് ഹർജിക്കാരിക്ക് Section 19 Protection of Women from Domestic Violence (PWDV) Act, പ്രകാരം യാതൊരു നിവർത്തിയും ലഭിക്കുവാൻ അവകാശം ഇല്ല എന്നും ഹർജിപ്പട്ടിക വസ്തു, വീട് എന്നിവ ഈ കേസിലെ എതിർകക്ഷി തന്റെ സഹോദരീസഹോദരന്മാർക്ക് നേരത്തെ തന്നെ കൈമാറിയിട്ടുള്ളതാണ് എന്നും ഈ കേസിൽ എതിർകക്ഷി തന്നെ, അവിടെ അവരുടെ ഒരു ലൈസൻസിന്റെ പേരിലാണ് താമസിച്ചിരുന്നത് എന്നും .വാദിച്ചു വന്നിട്ടുള്ളതാണ്

15. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ Satish Chander Ahuja vs Sneha Ahuja - 2020 Supreme(SC) 598 എന്ന വിധിയിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്. "Now, reverting back to the definition of Section 2(s), the definition can be divided in two parts, first, which follows the word "means" and second which follows the word "includes". The second part which follows "includes" can be further sub-divided in two parts. The first part reads "shared household means a household where the person aggrieved has lived or at any stage has lived in a domestic relationship either singly or along with the respondent". Thus, first condition to be fulfilled for a shared household is that person aggrieved lives or at any stage has lived in a domestic relationship. The second part subdivided in two parts is- (a) includes such a household whether owned or tenanted either jointly by the aggrieved person and the respondent and owned or tenanted by either of them in respect of which either the aggrieved person or the respondent or both jointly or singly have any right, title, interest or equity and (b)includes such a household which may belong to the joint family of which the respondent is a

member, irrespective of whether the respondent or the aggrieved person has any right, title or interest in the shared household. In the above definition, two expressions, namely, "aggrieved person" and "respondent" have occurred. From the above definition, following is clear:- (i) it is not requirement of law that aggrieved person may either own the premises jointly or singly or by tenanting it jointly or singly; (ii) the household may belong to a joint family of which the respondent is a member irrespective of whether the respondent or the aggrieved person has any right, title or interest in the shared household; and (iii) the shared household may either be owned or tenanted by the respondent singly or jointly.

16. The words "lives or at any stage has lived in a domestic relationship" have to be given its normal and purposeful meaning. The living of woman in a household has to refer to a living which has some permanency. Mere fleeting or casual living at different places shall not make a shared household. The intention of the parties and the nature of living including the nature of household have to be looked into to find out

as to whether the parties intended to treat the premises as shared household or not. As noted above, Act 2005 was enacted to give a higher right in favour of woman. The Act, 2005 has been enacted to provide for more effective protection of the rights of the woman who are victims of violence of any kind occurring within the family. The Act has to be interpreted in a manner to effectuate the very purpose and object of the Act. Section 2(s) read with Sections 17 and 19 of Act, 2005 grants an entitlement in favour of the woman of the right of residence under the shared household irrespective of her having any legal interest in the same or not.

17. In paragraph 29 of the judgment, this Court in S.R. Batra vs. Taruna Batra (supra) held that wife is only entitled to claim a right to residence in a shared household and a shared household would only mean the house belonging to or taken on rent by the husband, or the house which belongs to the joint family of which the husband is a member. The definition of shared household as noticed in Section 2(s) does not indicate that a shared household shall be one which belongs to

or taken on rent by the husband. We have noticed the definition of "respondent" under the Act. The respondent in a proceeding under Domestic Violence Act can be any relative of the husband. In event, the shared household belongs to any relative of the husband with whom in a domestic relationship the woman has lived, the conditions mentioned in Section 2(s) are satisfied and the said house will become a shared household. We are of the view that this court in S.R. Batra vs. Taruna Batra (supra) although noticed the definition of shared household as given in Section 2(s) but did not advert to different parts of the definition which makes it clear that for a shared household there is no such requirement that the house may be owned singly or jointly by the husband or taken on rent by the husband. The observation of this Court in S.R. Batra vs. Taruna Batra (supra) that definition of shared household in Section 2(s) is not very happily worded and it has to be interpreted, which is sensible and does not lead to chaos in the society also does not commend us. The definition of shared household is clear and exhaustive definition as observed by us. The object and purpose of

the Act was to grant a right to aggrieved person, a woman of residence in shared household. The interpretation which is put by this Court in S.R. Batra Vs. Taruna Batra (supra) if accepted shall clearly frustrate the object and purpose of the Act. We, thus, are of the opinion that the interpretation of definition of shared household as put by this Court in S.R. Batra Vs. Taruna Batra (supra) is not correct interpretation and the said judgment does not lay down the correct law.

18. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Jayasree, D/o Late R Mani vs Indrapalan, S/o Late Vasudevan A. C. - 2024 Supreme(Ker) 514 ,**2024 KER 45244** എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്. Going by the decision in Prabha Tyagi's case (supra), it is held that there should be a subsisting domestic relationship between the aggrieved person and the person against whom the relief is claimed, vis-à-vis, allegation of domestic violence. However, it is not necessary that at the time of filing of an application by an aggrieved person, the domestic relationship should be subsisting. In other words, even if an aggrieved person is not in a domestic relationship with the respondent in a shared household at

the time of filing of an application under Section 12 of the D.V. Act, but has at any point of time lived so or had the right to live and has been subjected to domestic violence or is later subjected to domestic violence on account of the domestic relationship, that aggrieved person is entitled to file an application under Section 12 of the D.V. Act.18. In view of the above ratio, even if aggrieved person is not in domestic relationship with a person in a domestic share household while filing the application, she had lived so or her right to live at any point of time while subjected domestic violence or is later subjected to domestic violence on account of domestic relationship, she is entitled to file an application under Section 12 of the Domestic Violence Act. But the ratio of the decision after referring the definition of domestic relationship under Section 2(f) of the D.V Act is as extracted herein above, in no way laid a ratio that a divorced woman can seek residence in a shared household on the basis of an earlier domestic relationship with the husband. Therefore, it is held that a divorced woman cannot claim right of residence in a shared household. But divorced women staying in a shared household at the

time of divorce or after divorce shall not be evicted or excluded from the shared household or any part of it by the respondent save in accordance with the procedure established by law.

19. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Ramachandra Warrior vs Jayasree, W/O. Ramachandra Warrior - 2021 Supreme(Ker) 336 എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്.

20. On the above reasoning, we answer the reference as follows:

(i) A divorced wife would not be entitled to the right of residence conferred under S.17 under the Protection of Women from Domestic Violence Act, 2005, for reason of that right being available only to a woman in a domestic relationship.

(ii) A divorced wife would be included under the definition 'aggrieved person'. A divorced wife occupying a shared household can be evicted only in accordance with law. A divorced wife can approach the Magistrate's Court for an order under S.19 if she is residing in the shared household. The residence orders passed in such cases, would

be subject to any proceeding for eviction in accordance with law, initiated by the husband, as contemplated under S.17(2).

(iii) There can be no order to put a divorced woman in possession of a shared household, from where she had separated long back, and the relief can only be of restraining dispossession.

21. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, D. Sudheer S/o. Divakaran Nair vs Anusha. R. Nair W/o. D. Sudheer - 2025 Supreme(Ker) 3 എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്. In the present case, the petitioner is not residing in a shared household. The Court directed respondent No.1 to provide an alternative accommodation. Therefore, though she can be an 'aggrieved person' under the DV Act, she is not entitled to the benefit provided in this case after 08.04.2014. 30. In the present case, admittedly as per judgment dated 08.04.2014 in Mat. Appeal No.360/2009 a Division Bench of this Court dissolved the marital tie between the parties. There are no special circumstances that prevent this Court from taking cognizance of the divorce effected in determining the rights of the parties. Therefore, I hold that the petitioner is not

entitled to the benefit of the residence order under Section 19 of the DV Act after 08.04.2014.

22. ഈ കേസിലെ ഹർജിപ്പട്ടിക വസ്തുവിന്റെ The right title or interest ഈ കോടതി മുമ്പാകെ ഒരു പരിഗണനാ വിഷയം അല്ലാത്തതാണ് ഇവിടെ ഹർജി ഭാഗത്തു നിന്നും ഹർജിക്കാരി വിവാഹത്തിന്റെ പിറ്റേ ദിവസം മുതൽ ഇന്നേ ദിവസം വരെ ഹർജി പട്ടിക വസ്തുവിലാണ് ജീവിച്ചു വന്നിരുന്നത് എന്ന് വാദിച്ചു വന്നിട്ടുള്ളതാണ്. ആയതുപോലെ തന്നെ എതിർകക്ഷി ഈ വസ്തു തന്റെ സഹോദരന്റെ പേരിലാക്കി എന്ന് ഉള്ള കാര്യം ബഹുമാനപ്പെട്ട കണ്ണൂർ കുടുംബ കോടതി മുമ്പാകെ തെളിവ് കൊടുക്കുമ്പോഴൊന്നും പറഞ്ഞിട്ടില്ലാത്തതാണ് എന്ന് വാദിച്ചു വന്നിട്ടുള്ളതാണ് . മേൽ പ്രസ്താവിച്ച പ്രകാരം ഈ കോടതി മുമ്പാകെയുള്ള പരിഗണനാ വിഷയം ഈ കേസിലെ വസ്തുവും ഭവനവും Shared Household ആണോ എന്നുള്ളത് മാത്രമാണ് ഹർജിപ്പട്ടിക വസ്തുവിന്റെ The right title or interest ഈ കോടതി മുമ്പാകെ ഒരു പരിഗണനാ വിഷയം അല്ല. ഹർജിക്കാരിയുടെ ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ 21.04.2002 മുതൽ ഹർജി പട്ടിക വസ്തുവിലും ഭവനത്തിലും ആണ് താമസം എന്നും ഈ വീടല്ലാതെ താമസിക്കാൻ മറ്റ് വീടുകൾ ഒന്നും തന്നെ ഇല്ല എന്നും ബോധിപ്പിച്ചിട്ടുള്ളതാണ് .എതിർകക്ഷിയും

തന്റെ ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ ഞാൻ നാട്ടിൽ വരുമ്പോൾ താമസിച്ചിരുന്നത് എന്റെ സഹോദരന്റെ വീട്ടിലാണ് എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ് . ഈ കേസിലെ RW1-ന്റെ എതിർവിസ്താരത്തിൽ OS 400 / 2023 നമ്പർ ആയി തൻ്റെ സഹോദരീസഹോദരന്മാർ ബഹുമാനപ്പെട്ട തളിപ്പറമ്പ് മുൻസിഫ് കോടതി മുമ്പാകെ കൊടുത്ത വ്യവഹാരത്തിൽ താൻ പട്ടിക വസ്തുവിൽ നിന്നും ഒഴിഞ്ഞുപോകാൻ തയ്യാറാണ് എന്നാണ് മറുപടി കൊടുത്തത്. കല്യാണം കഴിഞ്ഞു വിവാഹബന്ധം നിലനിൽക്കുന്ന സമയം വരെ ഹർജിക്കാരിയും ഞാനും ആ വീട്ടിലാണ് താമസിച്ചുകൊണ്ടിരുന്നത് എന്നും സമ്മതിച്ചിട്ടുള്ളതാണ്. ഹർജിക്കാരിക്ക് താമസിക്കുവാൻ മറ്റ് സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിക്കൊടുത്തിട്ടില്ല എന്നും ഹർജിക്കാരിക്ക് സ്വന്തമായി ഒരു വീട് ഇല്ല, കുടുംബ വീട് ഉണ്ട് എന്നും ആണ് കോടതി മുമ്പാകെ മൊഴി തന്നിട്ടുള്ളത്. ഹർജിക്കാരിയുടെ മൊഴിയിൽ, ഹർജിക്കാരി ഹർജി പട്ടിക വസ്തുവിലാണ് താമസിക്കുന്നത് എന്ന് കോടതി മുമ്പാകെ പ്രസ്താവിച്ചിട്ടുള്ളത് ആണ്. അത് അവിശ്വസിക്കത്തക്കതായി യാതൊരു തെളിവും തന്നെ ഈ കോടതി മുമ്പാകെ എതിർകക്ഷി ഭാഗത്തുനിന്നും വന്നിട്ടില്ലാത്തതാണ്. ആയതുകൊണ്ട്, ഹർജക്കാരി ടി വീട്ടിലാണ് താമസിച്ചു വരുന്നത് എന്ന് ഈ കോടതി ഇതിനാൽ കാണുന്നു.

23. ഇവിടെ ഹർജിക്കാരിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹബന്ധം Ext.. P1 പ്രകാരമാണ് വേർപ്പെടുത്തിയിട്ടുള്ളത് Ext. P1. 27.02.2023 തീയതി ആണ്. ഉത്തരവായിട്ടുള്ളത് ഇവിടെ ഈ കേസ് ബഹുമാനപ്പെട്ട കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് III കോടതി മുമ്പാകെ 13.02.2023 തീയതി തന്നെ ഫയൽ ആക്കിയിട്ടുള്ളതാണ്. ആയതിനാൽ ഈ ഹർജി ബോധിപ്പിച്ച ദിവസം ഈ കേസിലെ എതിർകക്ഷിയും ഹർജിക്കാരിയും തമ്മിൽ ഭാര്യാഭർത്തൃ ബന്ധം നിലനിന്നിരുന്നു. അന്നേദിവസം ഈ കേസിലെ എതിർകക്ഷി Protection of women from Domestic Violence Act പ്രകാരം ഒരു aggrieved person ആണ്. ഈ കേസിലെ ഹരജിക്കാരി, തന്നെ ദാമ്പത്യ ഗൃഹത്തിൽ നിന്നും പുറത്ത് ആക്കരുത് എന്നും ഭവനം അന്യാധീനപ്പെടുത്തരുത് എന്നും ഭവനം സമാധാനപരമായി കൈവശം വെക്കുന്നതിൽ നിന്നും യാതൊരു രീതിയിലും തടസ്സം എതിർകക്ഷി ഉണ്ടാക്കരുത് എന്നും ഒരു ഉത്തരവ് വേണമെന്നാണ് ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്. എതിർവിസ്താരത്തിൽ വസ്തു പ്രദീപ് കുമാർ അവരുടെ പേരിൽ എഴുതിക്കൊടുത്തു, അത് ഞാൻ അംഗീകരിക്കുന്നില്ല. എന്നെ ഇറക്കി വിടരുത് എന്ന് എം സി 10 2023 ഹർജിയിൽ ആവശ്യപ്പെട്ട അതേ വസ്തുവിനെ സംബന്ധിച്ചിട്ടാണ് തളിപ്പറമ്പ്

കോടതി മുൻപാകെ വ്യവഹാരം ഉള്ളത് എന്ന് സമ്മതിച്ചിട്ടുള്ളതാണ്. ഈ കോടതി മുമ്പാകെ Ext. P 1 രേഖ ഹാജരാക്കിയിട്ടുള്ളതാണ്. ആയത് പ്രകാരം ഈ കേസിലെ എതിർകക്ഷി തന്റെ സഹോദരിസഹോദരന്മാർക്ക് വസ്തു കൈമാറി എന്ന് കാണാവുന്നതാണ്. ഇവിടെ ആയതുകൊണ്ട്, വസ്തു അന്യാധീനപ്പെടുത്തരുത് മുതലായ ഹർജിയിലെ ആവശ്യങ്ങൾ ഈ കോടതിയിൽ അനുവദിക്കാൻ സാധ്യമല്ലാത്തതാണ്. പക്ഷേ ഹർജിക്കാരിയും കുട്ടികളും ഇപ്പോഴും ടി വസ്തുവിൽ തന്നെയാണ് താമസിക്കുന്നത് എന്ന് ഈ കോടതി നേരത്തെ കണ്ടിട്ടുള്ളതാണ്. ആയതുകൊണ്ട് ഈ കേസിലെ ഹർജിക്കാരിയെ നിയമപ്രകാരം അല്ലാതെ (Otherwise than by procedure established by law ) ഈ കേസിലെ എതിർകക്ഷി ശ്രീനികേതനം, ചേടിച്ചേരി PO , പെരുവളത്ത് പറമ്പ, ഇരിക്കൂർ, കണ്ണൂർ ,ജില്ല ( വീട് നമ്പർ XII/ 51 Ward 13 , ഇരിക്കൂർ പഞ്ചായത്ത് )എന്ന ഭവനത്തിൽ നിന്നും വസ്തുവിൽ നിന്നും പുറത്താക്കരുത് എന്ന ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹരജിക്കാരിക്ക് അർഹത ഉള്ളതാണ്. തർക്കവിഷയം രണ്ട് ഭാഗികമായി ഹരജിക്കാരിക്ക് അനുകൂലമായി ഈ കോടതി കാണുന്നു

24. ആയതുകൊണ്ട് ഫലത്തിൽ ഹർജി താഴെ പറയും പ്രകാരം ഭാഗികമായി അനുവദിക്കപ്പെട്ടിരിക്കുന്നു.

i) ഈ കേസിലെ ഹർജിക്കാരിയെ ഈ കേസിലെ എതിർകക്ഷി ശാരീരികമായി ഉപദ്രവിച്ചു പോകരുത് എന്നും

ii ഈ കേസിലെ ഹർജിക്കാരിയെ നിയമപ്രകാരം അല്ലാതെ (Otherwise than by procedure established by law ) ഈ കേസിലെ എതിർകക്ഷി ശ്രീനികേതനം, ചേടിച്ചേരി PO ., പെരുവളത്ത് പറമ്പ, ഇരിക്കൂർ, കണ്ണൂർ ,ജില്ല ( വീട് നമ്പർ XII/ 51 Ward 13 , ഇരിക്കൂർ പഞ്ചായത്ത് )എന്ന ഭവനത്തിൽ നിന്നും വസ്തുവിൽ നിന്നും പുറത്താകരുത് എന്നും

ഈ കോടതി ഇതിനാൽ ഉത്തരവാകുന്നു .

Sd/-

**ന്യായാധികാരി**

**അനുബന്ധം:**

**പരാതിക്കാർക്കുവേണ്ടി സാക്ഷികളെ പരിശോധിച്ചു** :-

PW 1:- കെ വി നീന

PW 2:- അപർണ കെ വി

**പരാതിക്കാർ അടയാളപ്പെടുത്തിയ തെളിവുകൾ :-**

Ext P1:-Certified copy of the common order in O.P No. 1394/2019, O.P. No.167/2021 and M.C.N O.9/2021 dated 27.02.2023

Ext P 2:-True copy of the order in MAT Appeal No. 330/2023 dated 8.10.2025

**എതൃകക്ഷി ഭാഗം തെളിവ് നൽകിയ സാക്ഷി :-**

RW 1:- കെ പ്രദീപ് കുമാർ

**എതൃകക്ഷി ഭാഗം മാർക്ക് ചെയ്ത രേഖകൾ :-**

Ext D1:- 161 Certified copy of Jenm Deed bearing No.39/1/2000 of SRO, Irikkur

Ext D 2:- Certified copy of Order in IA No. 2/2025 in OS 289/2025 OF Hon'ble Munsiff Court, Thaliparamba

Ext D 3:- Bank account statement of the respondent issued from South Indian Bank, Irikkur

Ext D 4:- Certified copy of the complaint in CC 517/2020 before the Hon’ble JFCM(II), Kannur

Ext D 5:- Salary certificate issued from Five Crowns Group of Restaurants in favour of Respondent (Subject to proof)

Ext D 6:- Visa cancellation document issued by General Directorate for identity

Ext D 7:- Attested copy of the passport of respondent.

**//True copy//**

**ന്യായാധികാരി**